# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 725 — 20.03.2013-ൽ മറുപടിക്ക്

## സ്കൂൾ ഹെൽത്ത് പ്രോഗ്രാം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റ്റി. എൻ. പ്രതാപൻ :<br>,, ഷാഫി പറമ്പിൽ :<br>,, ഐ. സി. ബാലകൃഷ്ണൻ :<br>,, ഹൈബി ഈഡൻ : | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) സ്കൂൾ ഹെൽത്ത് പ്രോഗ്രാം വ്യാപിപ്പിക്കുന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) ആരോഗ്യ, വിദ്യാഭ്യാസ വകുപ്പുകളും നാഷണൽ റൂറൽ ഹെൽത്ത് മിഷനും സംയുക്തമായി സംസ്ഥാനത്തൊട്ടാകെ തെരഞ്ഞെടുത്ത 10% ത്തോളം (1156 സ്കൂളുകൾ) സ്കൂളുകളിൽ തുടങ്ങിയ വിദ്യാലയാരോഗ്യ പദ്ധതി 2011-12 കാലയളവിൽ 27% (3337 സ്കൂളുകൾ) സ്കൂളുകളിൽ വ്യാപിപ്പിച്ചു. 2012-13 സാമ്പത്തിക വർഷം കേരളത്തിലെ എല്ലാ ഗവൺമെന്റ്, ഗവൺമെന്റ്/ എയിഡഡ് സ്കൂളുകളിലും വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. ഇതിന്റെ സംസ്ഥാനതല ഉദ്ഘാടനം 2012 നവംബർ 14 - ന് തിരുവനന്തപുരം കോട്ടൺഹിൽ ഗവൺമെന്റ് ഗേൾസ് ഹയർ സെക്കന്ററി സ്കൂളിൽ നടന്നു. നേരത്തെ പദ്ധതി നടന്നുവരുന്ന 27% സ്കൂളുകളിൽ ചിട്ടയായും ക്രമമായും നടക്കുന്ന പരിപാടിയ്ക്കു പുറമേ ഈ വർഷം പുതുതായി പദ്ധതി നടപ്പിലാക്കുന്ന സ്കൂളുകളിൽ പദ്ധതിയുടെ പ്രാരംഭനടപടികൾ നടന്നുവരുന്നു. |
| (ബി) ഏതെല്ലാം സ്കൂളുകളിലേക്കാണ് ഈ പ്രോഗ്രാം വ്യാപിപ്പിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) കേരളത്തിലെ എല്ലാ ഗവൺമെന്റ്, ഗവൺമെന്റ് എയിഡഡ് സ്കൂളുകളിലും വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. |
| (സി) എന്തെല്ലാം പ്രയോജനങ്ങളാണ് ഈ പ്രോഗ്രാം വഴി കുട്ടികൾക്ക് ലഭിക്കുന്നത് ; | (സി) ചികിത്സാ സേവനം :- ജെ.പി.എച്ച്.എൻ. ലഘുവായ ആരോഗ്യപ്രശ്നങ്ങൾ സ്കൂളുകളിൽ വെച്ചു തന്നെ കൈകാര്യം ചെയ്യും. റഫർ ചെയ്യേണ്ടവ ആരോഗ്യകേന്ദ്രത്തിലേയ്ക്ക് റഫർ ചെയ്യും. |

മാസത്തിലൊരിക്കൽ സ്കൂളുകളിൽ ഡോക്ടർമാർ എത്തി, ആരോഗ്യപ്രവർത്തകർ തെരഞ്ഞെടുത്ത കുട്ടികളെ പരിശോധിക്കും.

വർഷത്തിലൊരിക്കൽ സ്പെഷ്യാലിറ്റി ക്യാമ്പുകൾ ബ്ലോക്ക് അടിസ്ഥാനത്തിൽ നടത്തും. മരുന്നുകൾ സർക്കാർ ആരോഗ്യ കേന്ദ്രങ്ങളിൽ നിന്നും സൗജന്യമായി ലഭിക്കും.

പ്രതിരോധ പ്രവർത്തനം :- വർഷത്തിലൊരിക്കൽ സ്കൂളുകളിലെ എല്ലാ കുട്ടികളുടെയും സ്ക്രീനിംഗ് നടത്തി വിവരങ്ങൾ ആരോഗ്യ പ്രവർത്തകർ ഹെൽത്ത് റെക്കോഡിൽ രേഖപ്പെടുത്തും.

വിദ്യാഭ്യാസ ക്ലാസ്സുകൾ, എക്സിബിഷൻ, ഫിലിം ഷോ, പോസ്റ്റർ പ്രദർശനം, നാടകം, മറ്റ് കലാരൂപങ്ങൾ മുഖേനയുള്ള അവബോധം.

പ്രതിരോധ കുത്തിവെയ്പ്പ് നൽകുന്നു.

ഹെൽത്ത് ക്ലബ്ബ് :- ഹെൽത്ത് ക്ലബ്ബ് അംഗങ്ങളുടെ ശാക്തീകരണം, ഹെൽത്ത് ക്ലബ്ബുകളുടെ തുടർപ്രവർത്തനം എന്നിവ നടത്തുന്നു.

വിവരശേഖരണം :- വിവരശേഖരണം നിത്യേന നടത്തുന്നു. ഇതിനായി ആധുനിക സാങ്കേതിക വിദ്യയായ ഇലക്ട്രോണിക് ഡേറ്റാ ബേസ് രൂപീകരണം പുരോഗമിക്കുന്നു.

ഹൈസ്കൂൾ, ഹയർ സെക്കന്ററി കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള വീഡിയോ ഫെസ്റ്റിവൽ സംഘടിപ്പിക്കുന്നു. അതിനായുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു.

(ഡി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഇത് നടപ്പാക്കുന്നത് : വിശദമാക്കുമോ ?

(ഡി) കേന്ദ്ര ഗവൺമെന്റിന്റെ പദ്ധതിയായ നാഷണൽ റൂറൽ ഹെൽത്ത് മിഷൻ, വിദ്യാഭ്യാസ വകുപ്പ്, സംസ്ഥാന ആരോഗ്യ വകുപ്പ് എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിലാണ് പദ്ധതി നടപ്പിലാക്കുന്നത്.

സെക്ഷൻ ഓഫീസർ